എം.റ്റി.യു.പി. സ്കൂൾ കറ്റാനം

കായംകുളം -സബ്ജില്ല

ആലപ്പുഴ- റവന്യൂ ജില്ലാ

മാവേലിക്കര -വിദ്യാഭ്യാസ ജില്ല

# കൂടാം നേടാം

## അക്കാദമിക മാസ്റ്റർ പ്ലാൻ

# ആമുഖം:-

കേരളത്തിലെ വിദ്യാഭ്യാസ മേഖല കാലോചിതമായ പരിവർത്തനത്തിലൂടെയാണ് കടന്നു പോകുന്നത്. ബോധപൂർവ്വമായ ഇടപെടലുകളിലൂടെ പാഠ്യപദ്ധതി വിനിമയത്തിന് ഇണങ്ങുന്ന സ്കൂൾ പരിസരങ്ങൾ ചർച്ച ആകുകയാണ്. സമൂഹവും വിദ്യാലയവും രണ്ടും രണ്ടല്ല പരസ്പരപൂരകങ്ങളാണ് എന്ന ചിന്തകൂടി പൊതുവിദ്യാലയങ്ങളെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം സർക്കാർ നടപ്പിലാക്കിയിരിക്കുന്നത്. കുട്ടിയുടെ സമഗ്ര വികാസമാണ് ഗുണമേന്മ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. സമഗ്രവികാസമെന്നാൽ, കുട്ടിയുടെ വൈജ്ഞാനിക, വൈകാരിക, സാമൂഹ്യമേഖലകളിലെ വളർച്ചയാണ്. പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന പഠനപ്രവർത്തനങ്ങളിൽ പങ്കാളികളാകാൻ പ്രേരിപ്പിച്ചും, പ്രോത്സാഹിപ്പിച്ചും, ഈ നേട്ടം കൈവരിക്കാൻ കഴിയും കുട്ടിയുടെ വൈജ്ഞാനിക വികാസം മാത്രമല്ല വ്യക്തിവികാസവും, സാമൂഹ്യ സമയോജനവും ലക്ഷ്യമിടേണ്ടതുണ്ട്. സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികളും അതത് ക്ലാസ്സിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. കുട്ടികളിൽ കൗതുകവും, താല്പര്യവും വളർത്തിക്കൊണ്ട് പഠനം സുഗമമാക്കുന്നതിൽ ക്ലാസ്സുകളിൽ എ.സി.റ്റി സാധ്യതകൾ അനന്തമാണ്. ഐ.സി.റ്റി അധിഷ്ടിത ക്ലാസ്സ് റും മാതൃകകൾ സൃഷ്ടിച്ചുകൊണ്ട് പഠനനിലവാരം ഉയർത്താൻ കഴിയും വായനയുടെ ലഹരി നുണഞ്ഞ് ഉയർന്ന തലങ്ങളിലേക്ക് കുട്ടികളെ എത്തിക്കാൻകഴിയും. മണ്ണിനെ അറിയാനും കൃഷിയെ സ്നേഹിക്കാനും കുഞ്ഞുങ്ങളെ പ്രാപ്തരാക്കാൻ ഉതകുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ കഴിയും. സാമുഹ്യപുരോഗതിയിൽ തനിക്ക് തന്റേതായ പങ്ക് വഹിക്കാനുണ്ടെന്ന് കുട്ടിയെ ബോധ്യപ്പെടുത്താനുതകും വിധം ഈ പ്രദേശത്തെ പരിസ്ഥിതി പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ കുട്ടികളെ പങ്കെടുപ്പിക്കാം കുട്ടികൾക്ക് നേരനുഭവങ്ങൾ ഒരുക്കുന്ന പഠനയാത്രകൾ പഠനതന്ത്രമായി നൽകാം. കുട്ടി നേടേണ്ട പഠനനേട്ടങ്ങൾ വിദ്യാലയം ഉറപ്പാക്കുന്നുണ്ട്. എന്ന് രക്ഷിതാക്കളെ ബോധ്യപ്പെടുത്തുവാൻ കോർണർ പി.റ്റി.എ കൾ സംഘടിപ്പിക്കാം. ഇപ്രകാരം വിദ്യാലയത്തിൽ പ്രദർശിപ്പിക്കപ്പെട്ട എല്ലാ കുട്ടികൾക്കും ഉന്നത നിലവാരമുള്ള പഠനം ഉറപ്പാക്കുന്നുവെന്ന് പൊതു സമൂഹത്തെ ബോധ്യപ്പെടുത്താൻ സാധിക്കും.

സമൂഹത്തിലെ അനവധി പ്രഗത്ഭരെ വാർത്തെടുക്കുവാൻ ഈ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്. തിരുവനന്തപുരം മാർ ഇവാനിയോസ് കേളേജിലെ പ്രൊഫസറായി സേവനമനുഷ്ടിച്ച പ്രൊഫ. ബെന്നി.വി. ജോർജ്ജ് പ്രശസ്ത സംഗീതജ്ഞനും, അധ്യാപകനും ആയ കറ്റാനം ഓമനക്കുട്ടൻ, സിനിമാ താരം ജോൺസൺ എന്നിവർ അവരിൽ ചിലതാണ്. നേതൃത്വപാടവമുൾക്കൊണ്ട് പ്രവർത്തിക്കുന്ന പ്രഥമാധ്യാപികയും ആത്മാർത്ഥതയോടും ഐക്യതയോടും പ്രവർത്തിക്കുന്ന അധ്യാപകരുടയും ശ്രമഫലമായാണ് നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളത്

# സ്കൂൾ ചരിത്രം

മാവേലിക്കര വിദ്യാഭ്യാസ ജില്ലയിൽ ഭരണിക്കാവ് പഞ്ചായത്തിൽ കറ്റാനം എന്ന കൊച്ചു ഗ്രാമത്തിൽ സ്ഥിതിചെയ്യുന്ന മാർത്തോമ്മ യു.പി. സ്കൂളിന് 119 വർഷം പഴക്കമുണ്ട്. ത്യാഗോജ്ജ്വലമായ ഒരു കഥ പറയാനുണ്ട്. കൊല്ലവർഷം 1051 ൽ കറ്റാനത്തുള്ള തയ്യിലാശാന്റെ നേതൃത്വത്തിൽ അദ്ദേഹത്തിന്റെ ഭവനത്തിൽ ആരംഭിച്ച സ്കൂൾ 1073 ൽ മാർത്തോമ്മാ സഭയ്ക്ക് കറ്റാനത്ത് ഇന്നും കാണുന്ന പള്ളിക്ക് സ്ഥലം വാങ്ങിയതോടെ അവിടെ ആരാധനയ്ക്ക് വേണ്ടി നിർമ്മിച്ച കെട്ടിടത്തിലേക്ക് ഈ പള്ളിക്കൂടം മാറ്റുകയും 1,2 ക്ലാസ്സുകൾ ആരംഭിക്കുകയും ചെയ്തു.

ഈ സ്കൂൾ മാർത്തോമ്മാ മാനേജ്മെന്റിലേക്ക് തീത്തൂൽ ദ്വിതീയൻ തിരുമേനി ഏറ്റെടുത്തു. തയ്യിലാശാനെ കൂടാതെ ശ്രീമാൻ. രാഘവൻ പിള്ളയെ കൂടി അദ്ധ്യാപകനായി നിയമിച്ചു. അദ്ദേഹം മാറിപ്പോയ ഒഴിവിലേക്ക് ശ്രീ.കെ.എം മാത്യുവിനെ നിയമിച്ചു. പിന്നീട് 3-ാം ക്ലാസ്സ് ആരംഭിക്കുകയും ശ്രീ.കെ.കെ. ഉമ്മനെ അധ്യാപകനാക്കി നിയമിക്കുകയും ചെയ്തു 1095-ൽ 4-ാം ക്ലാസ്സും, 112-ൽ 5-ാം ക്ലാസ്സും ആരംഭിച്ചു.

1962-ൽ കറ്റാനം മാർത്തോമ്മാ ഇടവക വികാരിയായിരുന്ന റവ.എൻ .എസ്സ് വർഗ്ഗീസ്സും ഇടവക ജനങ്ങളും പരിശ്രമിച്ചതിന്റെ ഫലമായി ഇത് ഒരു യു.പി സ്കൂളായി ഉയർന്നു. ഈ വർഷം തന്നെ 6-ാം സ്റ്റാൻഡേർഡും 1963 ജൂൺ മാസത്തോടുകൂടി 7-ാം സ്റ്റാൻഡേർഡും ആരംഭിച്ച് ഇത് പൂർണ്ണ യു.പി. സ്കൂളായി മാറി.

അനേകം അധ്യാപകരുടെ സമർപ്പണമനോഭാവത്തോടു കൂടിയ സേവനവും അഭ്യുദയകാംക്ഷികളായ അനേകം സമീപവാസികളുടെ ഉദാരമായുള്ള സഹായവുമാണ് ഈ സ്കൂളിന് തിളക്കമാർന്ന പാരമ്പര്യം നൽകിയത്. കറ്റാനത്തും സമീപ പ്രദേശങ്ങളിലും ഉള്ള നാനാമതസ്ഥരായ അനേകം ആളുകൾക്ക് അന്ന് അവിടെ ഉണ്ടായിരുന്ന ഏക വിദ്യാലയമായ ഇതിന്റെ തിരുമുറ്റത്ത് ഓടിക്കളിച്ച കഥ പറയാനുണ്ടാവും.

കാലാകാലങ്ങളിൽ മാറിവന്ന പഠന ബോധന സമ്പ്രദായങ്ങളിലൂടെയും നൂതന സാങ്കേതിക വിദ്യകളിലൂടെയും വളർന്നു വന്ന ഈ സ്കൂൾ ഇന്നും ഇതിന്റെ രൂപത്തിലും ഭവത്തിലും ശ്രേഷ്ഠമായ

പാരമ്പര്യം ഉൾക്കൊണ്ടുകൊണ്ടും പഴമയുടെ മനോഹാരിത കാത്തുസൂക്ഷിച്ച് കൊണ്ടും കറ്റാനം പ്രദേശത്ത് നിലകൊള്ളുന്നു. നൂറ്റിയറുപത്തിയഞ്ചോളം വിദ്യാർത്ഥികളും ഒൻപത് അധ്യാപകരും തലയെടുപ്പോടെ ഇവിടെ പ്രവർത്തിച്ചു വരുന്നു.

## സ്കൂൾ മികവിന്റെ കാഴ്ചപ്പാട്

ഒരു ശതാബ്ദത്തിലേറയായി കറ്റാനം പ്രദേശത്ത് ഒരു കെടാവിളക്കായി നിലകൊള്ളുന്ന വിദ്യാഭ്യാസ സ്ഥാപനമാണ് കറ്റാനം എം.റ്റി.യു.പി. സ്കൂൾ. വിദ്യാലയ വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്തതിന് ശേഷം സ്കൂളിന്റെ സമഗ്ര വികസനമാണ് ലക്ഷ്യമാക്കുന്നത്. ഇപ്പോൾ പ്രീ പ്രൈമറിയിൽ പഠിക്കുന്ന മുഴുവൻ കുട്ടികളെയും 1-ാംക്ലാസ്സിലേക്കുള്ള പ്രവേശനം ഉറപ്പാക്കുക. കുട്ടികളിൽ മറഞ്ഞിരിക്കുന്ന ടാലന്റുകളെ കണ്ടെത്തി അവരുടെ വൈജ്ഞാനിക ബൗദ്ധിക മേഖലകളിലെ വളർച്ച ഉറപ്പാക്കുക. സ്കൂളിലെ ഭൗതിക സാഹചര്യം പരമാവധി ആകർഷകമാക്കി മികച്ച പഠന സാഹചര്യങ്ങൾ ഉണ്ടാക്കി കൂടുതൽ കുട്ടികളെ സ്കൂളിലേക്ക് എത്തിക്കുക. സ്കൂളിലെ പ്രവർത്തനങ്ങൾ മാധ്യമങ്ങളിലൂടെ പൊതു സമൂഹത്തിലെത്തിച്ച് രക്ഷിതാക്കളുടെ വിശ്വാസം നേടിയെടുക്കുക. വിദ്യാലയ വർഷാരംഭത്തിൽ തന്നെ ഭിന്ന ശേഷിക്കാരായ കുട്ടികളെ കണ്ടെത്താനും അവരുടെ പരിമിതികളുടെ തലം സൂക്ഷ്മമായി പഠിക്കുകയും അവർക്കുതകുന്ന ബോധന തന്ത്രങ്ങൾ ആസൂത്രണം ചെയ്യുകയും ചെയ്യുന്നുണ്ട്. പെൺകുട്ടികൾക്ക് വേണ്ടി സ്ത്രീ സുരക്ഷയെക്കുറിച്ചുള്ള ബോധവത്കരണ ക്ലാസ്സുകൾ നടന്നുവരുന്നു. പരിസ്ഥിതി സൗഹൃദ വിദ്യാലയമായി ഭരണിക്കാവ് ഗ്രാമപഞ്ചായത്ത് പ്രഖ്യാപിച്ച സ്കൂളുകളിൽ ഒന്നാണ് എം.റ്റി.യു.പി.എസ് സ്കൂൾ. സ്കൂൾ കാമ്പസിൽ പ്ലാസ്റ്റിക്ക് നിരോധനവും, നടപ്പിലാക്കിയിട്ടുണ്ട്. കുട്ടികളിൽ സ്വാശ്രയശീലം വളർത്തിക്കൊണ്ടു വരാനായി നടന്നുവരുന്ന **“സ്നേഹക്കൂട്”** പദ്ധതി വരും വർഷങ്ങളിലും തുടരുന്നുണ്ട്.

കൂടാതെ ഈ അധ്യയന വർഷത്തിൽ നേടിയെടുത്ത അക്കാദമിക മികവും പാഠ്യേതര പ്രവർത്തനങ്ങളിലും കലാ-കായിക പ്രവർത്തനങ്ങളിലും സബ്ജില്ലയിലും , ജില്ലയിലും നേടിയ നേട്ടങ്ങളും ആവർത്തിച്ച് രക്ഷിതാക്കളിലും കുട്ടികളിലും സ്കൂളിനെകുറിച്ചുള്ള മതിപ്പ് കൂട്ടാനുതകും വിധത്തിൽ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് സ്കൂളിനെ അന്താരാഷ്ട്ര നിലവാരമുള്ള മികവിന്റെ കേന്ദ്രമാക്കി മാറ്റിയെടുക്കുവാൻ കഴിയും.

# 5. പ്രശ്നങ്ങൾ വെല്ലുവിളികൾ

നമ്മുടെ സ്കൂളിനെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാൻ ഉതകുന്ന പ്രവർത്തനങ്ങളുടെ ഭാഗമായി സ്കൂൾ ആഭിമുഖീകരിക്കുന്ന പ്രശന്ങ്ങളും വെല്ലുവിളികളും കണ്ടെത്തുകയുണ്ടായി അക്കാദമികവും, ഭൗതികവും, സാമൂഹികവുമായ എല്ലാ മേഖലകലിലേയും പ്രശ്നങ്ങളെ അവലോകനം ചെയ്യാൻ സാധിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

1. സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികളും അതത് ക്ലാസ്സിൽ അതത് വിഷയങ്ങളിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്താനുള്ള പ്രവർത്തനങ്ങൾ കുറവാണ്. അവ സമൂഹത്തെ അറിയിക്കാനുള്ള സാഹചര്യങ്ങൾ ഇപ്പോൾ കുറവാണ്.

2. സ്കൂൾ ലൈബ്രറിയിൽ പുസ്തകങ്ങൾ അനവധി ഉണ്ടെങ്കിലും അവ കുട്ടികളിലേക്ക് എത്തുന്നുണ്ട് എങ്കിലും ലൈബ്രറിക്ക് സ്വന്തമായി ഒരു വായനാമുറി ആവശ്യമാണ്. ലൈബ്രറിയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ കഴിയും.

3. പ്രകൃതിയെ അറിയാനും, സ്നേഹിക്കാനും കുട്ടികളെ പ്രാപ്തരാക്കാൻ സ്കൂളിൽ ഒരു ജൈവവൈവിധ്യ പാർക്ക് ആവശ്യമാണ്.

4. പഠന പ്രവർത്തനങ്ങളുടെ ഭാഗമായി നടപ്പിലാക്കാൻ കഴിയുന്ന ക്ലബ്ബ് പ്രവർത്തനങ്ങൽ ഏകോപിപ്പിച്ച് കൊണ്ടുപോകേണ്ടതിന്റെ ആവശ്യകത ഉണ്ട്.

5. സ്വാശ്രയ ശീലം വലർത്തുവാനും, സേവന സന്നദ്ധതയുള്ള കുട്ടികളെ വാർത്തെടുക്കുവാനും. വേണ്ടി തുടങ്ങിയ **'സ്നേഹക്കൂട്'** പദ്ധതിയുടെ തുടർന്നുള്ള പ്രവർത്തനങ്ങൾ ആവശ്യമാണ്.

6. ടാലന്റ് ലാബ് ശക്തിപ്പെടുത്തേണ്ടത് അത്യാവശ്യമാണ്.

7. കുറച്ച് കൂടി ആകർഷണമായ രീതിയിൽ ഉച്ചഭക്ഷണം നടപ്പിലാക്കേണ്ടതാണ്

8. ലഹരി വിമുക്ത ക്യാമ്പസ്, ലഹരി വിമുക്ത സമൂഹം എന്നിവയെ അടിസ്ഥാനമാക്കിയുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.

9. പെൺകുട്ടികൾക്ക് ആവശ്യമായ കൗൺസിലിംഗ് ശക്തിപ്പെടുത്തുക.

10. ഭിന്ന ശേഷിക്കാരായ കുട്ടികൾക്കുവേണ്ടി പ്രത്യേക ബോധന തന്ത്രങ്ങളുടെ ആവിഷ്കാരം

## ഇംഗ്ലീഷ് യു.പി

| നം | പ്രവർത്തനം | കാലദൈർഘ്യം | ക്ലാസ്സ് | ലക്ഷ്യം |
|---|---|---|---|---|
| 1. | Story Time | മാസത്തിലെ 2 വെള്ളിയാഴ്ചകളിൽ | 1-7 | ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടുന്നതിനും ആത്മവിശ്വാസം ജനിപ്പിക്കുന്നതിനും |
| 2. | English Day | ഇംഗ്ലീഷ് ഡേ ആയി മാറ്റുന്നു. ചിത്രങ്ങളെ കഥകളാക്കി മാറ്റുന്നു. കഥകളിൽ നിന്ന് മോറലുകൾ കണ്ടെത്താനും അവസരം നല്കുന്നു. | | ഇംഗ്ലീഷ് അനായാസം കൈകാര്യം ചെയ്യുന്നതിന് കുട്ടികളെ കെല്പുള്ളവരാക്കുന്നതിന് |
| 3 | English Skit | കുട്ടികൾ " കളായുള്ള അവതരണങ്ങൾ | 5,6,7 | പാഠഭാഗങ്ങളെ അവതരിപ്പിക്കുന്നതിനും ഭാഷയിൽ അവഗാഹം ഉണ്ടാക്കുന്നതിനും |
| 4. | Radio Drama, Recotation | വ്യക്തിഗത പ്രകടനങ്ങൾ | 5,6,7 | |
| 5. | Choreography | ജി.പി കളായി എൽ.പി,യു.പി കുട്ടികൾ വിവിധ പാട്ടിന്റെ കോറിയോഗ്രാഫി ഒരുക്കുന്നു. | 1,2,3,4,5 | രസകരമായ ദൃശ്യാനുഭവങ്ങളിലൂടെ ഭാഷാ പഠനം ലളിതമാക്കുന്നു. |
| 6. | English Fest | ഫിബ്രവരി 3 ദിവസം വിവിധ കലാ പ്രകടനങ്ങളും പരിപാടികളും ഇംഗ്ലീഷിൽ കുട്ടികളുടെ നേതൃത്വത്തിൽ | 1-7 | കുട്ടികളിൽ ഇംഗ്ലീഷ് ഭാഷയിൽ ആത്മവിശ്വാസം ജനിപ്പിക്കുന്നതിന് |
| 7. | Puzzles, Word Game | കുട്ടികളുടെ വിശ്രമവേളകൾ ആനന്ദകരമാക്കാൻ വിവിധ കുട്ടി കളികൾ. | 1-7 | ഇംഗ്ലീഷ് ഭാഷയോടുള്ള വൈമുഖ്യം മാറ്റുന്നതിനും കുട്ടികളിലൂടെയുള്ള പഠനം |
| 8. | Englisg Newspapper | ഓരോ ടേമിലെയും സ്കൂൾ വാർത്തകൾ ചിത്രമായി പ്രസിദ്ധപ്പെടുത്തുന്നു. | | ലഘുവിവരങ്ങളെ വാർത്തയാക്കുന്ന പരിജ്ഞാനം വർദ്ധിപ്പിക്കുന്നു. |
| 9. | English Assembley | ആഴ്ചയിലിലൊരിക്കൽ ഇംഗ്ലീഷ് അസംബ്ലി | | സഭാകമ്പം അകറ്റുന്ന ഇംഗ്ലീഷ് പ്രാവീണ്യം നേടുന്നതിന്. |
| 10. | English Magazine | 1 മാഗസിൻ 1 [illegible] | | സർഗാത്മകത വർദ്ധിപ്പിക്കാൻ |
| 11. | English Dictionary | 1 വർഷം ക്ലാസ്സ് റും പ്രവർത്തനത്തൊടൊപ്പം ഡിക്ഷ്നറി രൂപപ്പെടുത്തുന്നു. | | ഭാഷാ നൈപുണ്യം വളർത്തുന്നതിനും ഭാഷാ സ്ഫുടത ഉണ്ടാക്കുന്നതിനും |
| 12. | Reading Card | വായനാ കാർഡുകൾ കുട്ടികൾക്ക് നൽകുന്നത്ന് | 1-4 | വായനാശീലം വളർത്തുന്നതിനും ഭാഷാ സ്പുടത ഉണ്ടാക്കുന്നതിനും |
| 13. | Class Library | ഓരോ ക്ലാസ്സിലും ഇംഗ്ലീഷ് | 5-7 | വായനാശീലം വളർത്തുന്നതിനും ഭാഷാ സ്പുടത ഉണ്ടാക്കുന്നതിനും |
| 14. | Story Book Making | ഓരോ കുട്ടിയും വ്യക്തിഗതമായി സ്റ്റോറി ബുക് തയ്യാറാക്കുന്നു. | 5-7 | ചിത്രകലാ നിർമ്മാണം വായനയിൽ ആത്മവിശ്വാസം ജനിപ്പിക്കുന്നു. |

## അക്കാദമിക പ്രവർത്തനങ്ങൾ

### മലയാളം യുപി 5,6,7

| നം | പ്രവർത്തനം | കാലദൈർഘ്യം | ക്ലാസ്സ് | ലക്ഷ്യം |
|---|---|---|---|---|
| 1. | നാടക ശില്പശാല. നാടകങ്ങൾ, മലയാള നാടകങ്ങൾ കാണാനുള്ള അവസരം<br>1. നാടക രചന<br>2. അഭിനയ പരിശീലനം<br>3. വേദികളിൽ അവതരണാ അവസരം<br>4. നാടകോത്സവം സംഘടിപ്പിക്കൽ<br>5. മലയാള നാടക സംഘ രൂപീകരണം | 6 മാസത്തിലൊരിക്കൽ | 5,6,7 | നാടക അവബോധം അഭിനയ പാടവം അവതരണ പാടവം മലയാള ജ്ഞാനം. |
| 2. | മലയാള വാർത്താ<br>1. കയ്യെഴുത്ത് മാസിക<br>2. വാർത്താ പത്രിക | രണ്ട് മാസത്തിലൊരിക്കൽ | 5,6,7 | അവതരണ പാടവം ഭാഷാപാടവം. |
| 3. | മലയാള പ്രദർശിനി<br>1. സർഗ്ഗാത്മക കഴിവുകളുടെ പ്രദർശനം, കഥ,കവിത, മുതലായവ.<br>2. ശേഖരണ പാടവം | മാസത്തിലൊരിക്കൽ | 5,6,7 | സർഗ്ഗ സൃഷ്ടി, ശേഖരണം ഇവ വർദ്ധിപ്പിക്കാൻ. |

# അക്കാദമിക പ്രവർത്തനങ്ങൾ

## മലയാളം എൽ.പി

| നം | പ്രവർത്തനം | കാലദൈർഘ്യം | ക്ലാസ്സ് | ലക്ഷ്യം |
|---|---|---|---|---|
| 1 | അക്ഷര കാർഡുകൾ, വായനാക്കാർഡുകൾ, പദക്കാർഡുകൾ, ചിത്രങ്ങൾ, ബാലമാസികകൾ ലൈബ്രറി പുസ്തകങ്ങൾ | 1 | 1,2,3,4 | എഴുത്തിലും വായനയിലും ഉള്ള പിന്നോക്കാവസ്ഥ പരിഹരിക്കാൻ, വായിക്കുന്ന പുസ്തകങ്ങളുടെ ഉള്ളടക്കം എഴുതുന്നു. വായനയിലുള്ള താത്പര്യം, സ്വന്തം ഭാഷയിൽ എഴുതാനുള്ള കഴിവ്, ഭാഷായിലുള്ള പരിജ്ഞാനം, കൂടുതൽ അറിവു സമ്പാദിക്കാനുള്ള അവസരം. |
| 2 | മലയാളത്തിളക്കം | | 3,4 | ഭാഷാ പരമായ പിന്നോക്കാവസ്ഥ പരിഹരിക്കാൻ |
| 3. | സംഭാഷണ, പാവ നാടകം, കഥാരചനാ, കവിതാ രചനാ, വിവരണം, ശില്പശാല | | 1,2,3,4 | വായനയിലൂടെ നേടിയ അറിവുകൾ പ്രകടിപ്പിക്കുന്നതിന്. |
| 4. | <u>നിർമ്മാണ പ്രവർത്തനങ്ങൾ</u><br>പഠന്കൂട്ടങ്ങൾ, ക്ലാസ്സ് തലം വ്യത്യസ്ത നിലവാരകൂട്ടങ്ങൾ മഹത്‌വാക്യ വായന, വായ്ത്താരികൾ , കവിവചനങ്ങൾ നാടൻ പാട്ടുകൾ. | | 3,4 | വായനാ എങ്ങനെയാവണം എന്ന അവബോധം. |

## ബേസിക്ക് സയൻസ് യുപി

| നം | പ്രവർത്തനം | കാലദൈർഘ്യം | ക്ലാസ്സ് | ലക്ഷ്യം |
|---|---|---|---|---|
| 1. | Science Drama | ശാസ്ത്ര അറിവുകളെ ഡ്രാമയിലൂടെ അവതരിപ്പിക്കൽ. | 5,6,7 | ശാസ്ത്രഭിമുഖ്യം വളർത്തുന്നതിനും, ശാസ്ത്ര അറിവുകളെ ഉറപ്പിക്കുന്നതിനും. |
| 2. | Science Magazine | ശാസ്ത്ര അറിവുകളെ ശേഖരണങ്ങൾ | 1-7 | പുതുപുത്തൻ നേട്ടങ്ങളെ കുറിച്ച് കുട്ടികളിൽ അവബോധം ഉണ്ടാക്കുന്നതിന്. |
| 3. | Science Album | പഠനത്തോടൊപ്പം ഓരോ ക്ലാസ്സിലും ആൽബം തയ്യാറാക്കൽ. | | ശേഖരണത്തിൽ താത്പര്യം ജനിപ്പിക്കുന്നതിന് |
| 4. | Science Herbarium | ഔഷധ സസ്യങ്ങളും ഇലകളുടെ ശേഖരണം. | 5,6 | ഹെർബേറിയം തയ്യാറാക്കുന്നതിൽ സമർത്ഥരാക്കുന്നു. |
| 5. | Science exhibition | സ്റ്റിൽ മോഡൽ, വർക്കിംഗ് മോഡൽ, സിംപിൾ എക്സ്പീരിമെന്റ് പ്രദർശനം. | 5,6 | |
| 6. | Science Fest | ഓരോ ടേമിലും ശാസ്ത്രവുമായി ബന്ധപ്പെട്ട ഡ്രാമ എക്സിബിഷൻ ഗാനാലാപനം തുടങ്ങിയവ സയൻസ് ഉത്പന്നങ്ങളുടെ പ്രദർശനവും | | ശാസ്ത്രാശയങ്ങളെ രസകരമായി ആവിഷ്കരിക്കുന്നതിൽ പ്രാവീണ്യമുള്ളവരാക്കാൻ. |
| 7. | Science Experements | ലഘുപരീക്ഷണ | 4-7 | കുട്ടികളുടെ ശാസ്തര ജ്ഞരാരെ വളർത്തുന്നതിനും ശാസ്ത്രാഭിരുചി വളർത്തുന്നതിനും. |